കേരള സർക്കാർ

# പാമ്പാക്കുട ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2016-17

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

.

.(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ എസ് എ-ഇ കെ എം (പി9)1666/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271

email:doekm.ksad@kerala.gov.in

തീയതി : 27/09/2017

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
പാമ്പാക്കുട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാമ്പാക്കുട ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ

. ഓഡിറ്റ് റിപ്പോർട്ട് - പുറപ്പെടുവിക്കുന്നു

. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

. ഈ റിപ്പോർട്ടിലെ ഭാഗം 2,3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പാമ്പാക്കുട ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

. റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം ജില്ല
3)കാര്യാലയ പകർപ്പ്

.

നം.കെ എസ് എ-ഇ കെ എം (പി9)1666/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

തീയതി : 27/09/2017

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ

2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 28.11.2016 മുതൽ 25.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണങ്ങൾക്ക് ലഭ്യമാക്കിയ മറുപടി പരിഗണിച്ച് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ധന്യ ബാലകൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 26.07.2017 മുതൽ 2.08.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.റസിയാബീവി ജെ.<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജോമോൾ എം.ജോണി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.റഷീദ് സി.എം.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷീല വി.ആർ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി .സുഷമ മാധവൻ | 1.4.2016 | 31.3.2017 |
| വൈസ് പ്രസിഡന്റ് | ശ്രീ.തങ്കച്ചൻ കുര്യാക്കോസ് | 1.4.2016 | 31.3.2017 |
| *സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺസ്* | | | |
| വികസനകാര്യം | ശ്രീമതി. അമ്മിണി ജോർജ് | 1.4.2016 | 31.3.2017 |

| | | | |
|---|---|---|---|
| ക്ഷേമകാര്യം | ശ്രീ.സി.ബി.രാജീവ് | 1.4.2016 | 31.3.2017 |
| വിദ്യാഭ്യാസം &ആരോഗ്യകാര്യം | ശ്രീമതി.സിന്ധു ജോർജ് | 1.4.2016 | 31.3.2017 |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ശ്രീ.സി.ആർ.കൃഷ്ണകുമാർ | 1.4.2016 | 31.3.2017 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജോൺ വി. ജോൺ (late) | 1.4.2016 | 19.10.2016 |
| | ശ്രീമതി.ജിത എം.നായർ | 1.1.2017 | 31.3.2017 |
| കൃഷി ഓഫീസർ | ശ്രീ വി.കെ.ചാക്കോച്ചൻ | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ജീന എസ്. മോഹൻ | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഷാജി പൂല്ലോർമഠം | 1.4.2016 | 10.8.2016 |
| | ഡോ.സജേഷ് മാത്യൂ | 11.8.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സജി ജോൺ | 1.4.2016 | 31.3.2017 |
| ഐ.സി. ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഒ.എൻ.മണി | 1.4.2016 | 31.3.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പാമ്പാക്കട) | ശ്രീമതി നിഷ പി.എം.. | 1.4.2016 | 31.3.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഓണക്കൂർ) | ശ്രീമതി നീതു ജോൺസൺ | 1.4.2016 | 17.9.2016 |
| | ശ്രീമതി.നിഷ പി.എം. | 18.9.2016 | 31.3.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (അഞ്ചൽപ്പെട്ടി) | ശ്രീ.കെ.സി.മോഹൻദാസ് | 1.4.2016 | 31.3.2017 |
| ഹെഡ് മാസ്റ്റർ GLPS | ശ്രീ ഷാജി ജോൺ | 1.4.2016 | 31.3.2017 |
| വെറ്റിനറി സർജൻ | ഡോ.സഫ്ന ഐസക് എം. | 1.4.2016 | 30.9.2016 |
| | ഡോ.ക്ലയർ ആർ.സിസിൽ | 1.10.2016 | 31.3.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ .സുധാകരൻ കെ.കെ. | 1.4.2016 | 30.4.2016 |
| | ശ്രീ.ധർമ്മകീർത്തി | 1.5.2016 | 11.7.2016 F.N. |
| | ശ്രീമതി.ദേവി രാമചന്ദ്രൻ | 11.7.2016 A.N. | 31.3.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.രാഗേഷ് എം. | 1.4.2016 | 31.3.2017 |

<u>ഉള്ളടക്കം</u>


| ക്രമ നം. | <u>ഭാഗം 1</u> പൊതു അവലോകനം | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്റ്റ് | 1-12 |
| | ഭാഗം 2 | |
| 13 | വസ്തുനികുതി | 2-1 |
| 14 | അനധികൃതകെട്ടിട നിർമ്മാണം-നടപടിക്രമങ്ങളിൽ അപാകത | 2-2 |
| 15 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 |
| 16 | അരുവിക്കൽ ടൂറിസം പദ്ധതി- അപാകതകൾ | 2-4 |
| 17 | ഡി&ഒ ലൈൻസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-5 |
| 18 | വാർഷിക ധനകാര്യപത്രിക – അപാകതകൾ | 2-6 |
| | ഭാഗം- 3 | |
| 19 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ - ടെണ്ടർ ഫാറ വില പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. | 3-1 |
| 20 | സാനിറ്ററി നാപ്കിൻ പ്രൊജക്ട്- നിർവ്വഹണത്തിലെ അപാകതകൾ | 3-2 |
| 21 | സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ - പണി പൂർത്തികരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-3 |
| 22 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ- മരുന്ന ലഭ്യമായിട്ടില്ല. | 3-4 |
| 23 | മൃഗ സംരക്ഷണ പ്രൊജക്ടുകളുടെ നിർവ്വഹണം- അപാകതകൾ | 3-5 |
| 24 | മാർഗ്ഗരേഖക്ക് വിരുദ്ധമായി വികസനഫണ്ടിൽ നിന്നും വാടക നൽകി | 3-6 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2016-17 | അനുബന്ധം 1 |
| | ബാലൻസ് ഷീറ്റ് 2016-17 | അനുബന്ധം 2 |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം 3 |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം 4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

. തെരെഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലവിലുണ്ടായിരുന്നതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 17.3.2016 -ലെ 1-ാം തീരുമാന പ്രകാരം 2015-16 -വർഷത്തെ ബജറ്റിലെ പ്രതീക്ഷിത വരവുചെലവുകൾ തന്നെ 2016-17 വർഷത്തെ ബജറ്റിലെ പ്രതീക്ഷിതവരവുചെലവുകളായി അംഗീകരിച്ച തീരുമാനിച്ചു. 24.6.2016-ൽ 1(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.വിവരങ്ങൾ താഴെ ചേർക്കുന്നു

| | ബജറ്റ് പ്രകാരം | | വാർഷിക കണക്കുകൾ (വരവ്-ചെലവ് പത്രിക പ്രകാരം) | |
|---|---|---|---|---|
| തീയതി | വരവ് | ചെലവ് | വരവ് | ചെലവ് |
| 17.3.2016 | 82963700 | 83167200 | - | - |
| 24.6.2016 | 113943000 | 113771000 | 32692205 | 28442977 |

. ഇ.എഫ്.എം.എസ്.മുഖേന എം.ജി.എൻ.ആർ.ഇ.ജി.എസ്, ബി.ഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള യഥാക്രമം 2,63,00,000/- രൂപയുടെയും 2,57,11,661/- രൂപയുടെയും വരവ്-ചെലവുകൾ വരവ്-ചെലവ് പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്ക് നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവ്-ചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ആയതിനാൽ ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 26.7.2017 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

. വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ചില അപാകതകൾ ശ്രദ്ധയിൽപെട്ടു. വിശദാംശം ഖണ്ഡിക 2-6 ൽ ചേർത്തിട്ടുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം &

എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5370246 |
| വരവ് | 32692205 |
| ആകെ | 38062451 |
| ചെലവ് | 28442977 |
| നീക്കിയിരിപ്പ് | 9619474 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ടമെന്റ് തുക | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ബാക്കിയായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7735148 | | 6765741 | 6765741 | 6765741 | 969407 | |
| വികസനഫണ്ട് എസ്.സി.പി. | 3540342 | | 2724035 | 2724035 | 2724035 | 816307 | |
| വികസനഫണ്ട് ടി.എസ്.പി. | 141192 | | 15000 | 15000 | 15000 | 126192 | |
| സംരക്ഷണഗ്രാന്റ് റോഡ് | 3936744 | | 1385792 | 1385792 | 1385792 | 2550952 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2554755 | | 1339442 | 1339442 | 1339442 | 1215313 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4337116 | | 3056339 | 3056339 | 3056339 | 1280777 | |
| പെർഫോമൻസ് ഗ്രാന്റ് | 2271711 | | 959272 | 959272 | 959272 | 1312439 | |
| എം.എൻ.ആർ.ഇ.ജി.എസ്. | | 5092 | 27280147 | 27285239 | 27284177 | | 1062 |
| ബി ഫണ്ട് | | | 25711661 | 25711661 | | | |

## 1-6 പദ്ധതി അവലോകനം

. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 138 | 30626069 | 93 | 17312643 | 46 | 44 | 67.39 |

.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 21 | 24 | 5308301 | 4727782 | 89.06 |
| അസിസ്റ്റന്റ് സെക്രട്ടറി | 17 | 16 | 2797000 | 2124200 | 75.95 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 58 | 32 | 10457175 | 3067781 | 29.34 |
| കൃഷി ഓഫീസർ | 3 | 3 | 160590 | 160590 | 100 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 1 | 1 | 521000 | 472816 | 90.75 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 310000 | 310000 | 100 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 2469600 | 1930126 | 78.16 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 16 | 5342803 | 2584110 | 48.37 |
| ഹെഡ്മാസ്റ്റർ, GUPS | 4 | 4 | 545000 | 535500 | 98.26 |
| വെറ്റിനറി സർജൻ | 5 | 4 | 1872600 | 557738 | 29.78 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 642000 | 642000 | 100 |
| ആകെ | 138 | | 30626069 | 17312643 | 56.53 |

.

. അടങ്കൽ തുകയുടെ 56.52 ശതമാനം ചെലവഴിക്കുവാൻ മാത്രമേ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ. ഏറ്റെടുക്കുന്ന പ്രൊജക്ടുകൾ സമയ ബന്ധിതമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. 44 പ്രൊജക്ടുകൾ പഞ്ചായത്തിന് നടപ്പിലാക്കാൻ കഴിഞ്ഞില്ല. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നുറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

# 1-7 തനത് വരുമാനം

. പഞ്ചായത്തിന് 2016-17സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ മുൻവർഷ ത്തേക്കാൾ താഴെ പറയും പ്രകാരം 52.48% വർദ്ധനവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2957290 | 4921065 | 1963775 | +66.40 |
| നികുതിയേതര വരവുകൾ | 912854 | 1147155 | 234301 | +25.67 |
| മറ്റ് വരവുകൾ | 25508 | 39352 | 13844 | +54.27 |
| | **3812432** | **6107572** | **2000920** | **+52.48** |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 103680 | 75 |
| കർഷകതൊഴിലാളി പെൻഷൻ | 1768560 | 208 |
| വിധവാപെൻഷൻ | 5681580 | 596 |
| വാർദ്ധക്യകാല പെൻഷൻ | 15633765 | 1416 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 409800 | 46 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1818300 | 214 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

## 1-9 ആഭ്യന്തരനിയന്ത്രണം.

a) ആസ്തി രജിസ്റ്റർ:- പഞ്ചായത്തിൽ സാംഖ്യ രീതിയിലുള്ള അക്കൗണ്ടിങ്ങ് ആരംഭിക്കുന്നതിനു മുൻപുള്ള പല ആസ്തികളുടേയും മൂല്യം ആസ്തി രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ എല്ലാ ആസ്തികളുടേയും വിവരങ്ങൾ ഉൾപ്പെടുത്തി വാർഷിക ധനകാര്യ പത്രികയിൽ വേണ്ട മാറ്റങ്ങൾ വരുത്തേണ്ടതാണ്.

b) ഡി. & ഒ. ലൈസൻസ് രജിസ്റ്റർ:- രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. രജിസ്റ്ററിൽ യന്ത്രത്തിന്റെ കുതിരശക്തി എഴുതി സൂക്ഷിക്കുന്നില്ല. കൃത്യമായ മുഴുവൻ വിവരങ്ങളും രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

c) പഞ്ചായത്ത് പുതിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പൊതു ജനങ്ങൾക്ക് സേവനം നൽകുന്ന ഫ്രണ്ട് ഓഫീസിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.7.2017 ന് അക്കൌണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21412 /- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.6.2017 | 2017ഏപ്രിൽ, മെയ് | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.6.2009 | 2004-05 – 2008-09 | 20.7.2009 |

# 1-12 ഓഡിറ്റ് ഇംപാക്ക്റ്റ്

ഓഡിറ്റ് അന്വേഷണം നം 11/29.11.2017- നൽകിയതിൽ നിർദ്ദേശിച്ചതു പ്രകാരം ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവു വന്ന തുകയായ 1700/-രൂപ (രസീത് നം. 117110101175/31.7.17 - 900/-, 117110101176/31.7.17 - 800/-) ഈടാക്കിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വസ്തുനികുതി

(1)വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 20.9.2011- ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നം.l പ്രകാരം 22.9.2011-ലെ നം.എ 3-4530/11 വിജ്ഞാപനം പ്രകാരം പഞ്ചായത്തിൽ നികുതി നിരക്കുകൾ നിർണ്ണയിച്ചിട്ടുണ്ട്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 35/-രൂപയും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയും ആണ്. എന്നാൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള രണ്ടു കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചപ്പോൾ ച.മീ.ന് 50/-രൂപക്ക് പകരം 35/-രൂപ എന്ന നിരക്കിൽ കണക്കാക്കിയതു മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

.

| വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ | കെട്ടിട ഉടമയുടെ പേര് | നികുതി നിർണ്ണയിച്ച തീയതി | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 35രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹത-പ്പെട്ട വർദ്ധന - ഇളവ് ഉൾപ്പടെ (ച.മീ.ന് 50 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|---|
| 2/240 എൽ | 195.4 | ജോൺ വർഗീസ്& ശാന്താ മോൾ വർഗീസ് | 2015-16/ IInd | 7797 [(195.4x35x120%)-5%] | 11138 | 3341 |

| | | | | | | |
|---|---|---|---|---|---|---|
| 3/259ഡി | 118.98 | ജോൺ എബ്രാഹാം | 2014-15 IInd | 4744 [(118.98x35x120%)-5%] | 7139 | 2395 |
| | | | | | | 5736 |

.

<u>(2) വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ചും യഥാർത്ഥ വിസ്തീർണ്ണം കണക്കിലെടുക്കാതെയും വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം വന്നത്</u>

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷി ച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം പല മുറികളായി വിഭജിച്ചിട്ടുണ്ടെങ്കിൽ ആയത് ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ(ആർ.ഡി.)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 35/-രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായും, 200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 80/-രൂപയുമാണ് പഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ളത്. ഒരേ ഉടമസ്ഥന്റെ പേരിലുള്ള വാണിജ്യാവശ്യത്തിനുള്ള, 100 ച.മീ. കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടത്തെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും ഓരോ മുറിക്കും 100 ച.മീ. താഴെയുള്ള കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിന് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വസ്തുനികുതി കണക്കാക്കി നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

.

| വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.) | കെട്ടിട ഉടമയുടെ പേര് | നികുതി നിർണ്ണയിച്ച തീയതി | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന - ഇളവ് ഉൾപ്പടെ (ച.മീ.ന് 35രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹത പ്പെട്ട വർദ്ധന- ഇളവ് ഉൾപ്പടെ (ച.മീ.ന് 50 രൂപ നിരക്കിൽ) |
|---|---|---|---|---|---|
| 1/67 എ | 52.6 | സന്തോഷ് റ്റി.സി | 2013-14/ IInd | 1654 | 2367 |
| 1/67 ബി | 22 | | | 693 | 990 |
| 1/67 സി | 25 | | | 788 | 1125 |
| 1/67 ഡി | 37 | | | 1166 | 1665 |

| | | | | | |
|---|---|---|---|---|---|
| 2/240എ | 22.95 | ജോൺ വർഗീസ് &ശാന്താ മോൾ വർഗീസ് | 2015-16 /Ist | 960 | 1377 |
| 2/240ബി | 22.95 | | | 960 | 1377 |
| 2/240ഡി | 23.96 | | 2015-16 /IInd | 1007 | 1438 |
| 2/240ഇ | 23.96 | | | 1007 | 1438 |
| 2/240എഫ് | 23.96 | | | 1007 | 1438 |
| 2/240ജി | 23.96 | | | 1007 | 1438 |
| 2/240എച്ച് | 23.96 | | | 1007 | 1438 |
| 2/240ഐ | 30 | | | 1197 | 1710 |
| 2/240ജെ | 30 | | | 1197 | 1710 |
| 2/240കെ | 30 | | | 1197 | 1710 |
| 2/240എൽ | 195.4 | | | 7797 | 11138 |
| 2/271എ | 69.5 | ഷാജു ജോൺ | 2015-16 Ist | 2676 | 3823 |
| 2/271ബി | 52.7 | | | 2029 | 2899 |
| 2/271സി | 17.1 | | | 659 | 941 |
| 3/259എ | 39.62 | ജോൺ എബ്രാഹാം | 2014-15 IInd | 1665 | 2377 |
| 3/259ബി | 39.62 | | | 1665 | 2377 |
| 3/259സി | 39.62 | | | 1665 | 2377 |
| 3/259ഡി | 118.98 | | | 4744 | 7139 |
| 6/408എ | 70 | ഷിബു ജോർജ് & ആലീസ് ജോർജ് | 2014-15 Ist | 2940 | 4200 |
| 6/408ബി | 70 | | | 2940 | 4200 |
| 6/408സി1 | 29.15 | | | 1163 | 1661 |
| 6/408ഡി | 28.95 | | 2015-16 Ist | 1212 | 1737 |
| 6/408ഇ | 29.6 | | | 1249 | 1776 (+20%) |
| 6/408എഫ് | 37.2 | | | 1563 | 2232 |
| 6/408ജി | 31.15 | | | 1244 | 1776 (20%-5%) |
| 6/408എച്ച് | 31.95 | | | 1272 | 1821 |
| 6/408ഐ | 32.65 | | | 1304 | 1861 |
| 10/295എ | 20.448 | | 2013-14 Ist | 859 | 1227 |
| 10/295ബി | 20.448 | | 2013-14 Ist | 859 | 1227 |

. നിലവിൽ ഇതേ രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള സമാനമായ വാണിജ്യ കെട്ടിടങ്ങളുടെയും കൂട്ടിച്ചേർക്കൽ മൂലം 100 ച.മീ.ന് മേൽ വിസ്തീർണ്ണമായ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കെട്ടിടനികുതി-സാംഖ്യയിലേയും സഞ്ചയയിലേയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല

. സാംഖ്യയിലേയും സഞ്ചയ പ്രകാരമുള്ള വസ്തുനികുതി വരവു തുകകളും സഞ്ചയ പ്രകാരമുള്ള 2016 -17 ലെ കെട്ടിടനികുതി കളക്ഷൻ തുകകളും പൊരുത്തപ്പെടുന്നില്ല.വിവരങ്ങൾ താഴെ ചേർക്കുന്നു.

| നികുതി ഇനം | കളക്ഷൻ |
|---|---|
| താമസാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നുള്ളത്(തൻവർഷം) | 1048223 |
| താമസാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ | 908687 |

| | |
|---|---|
| നിന്നുള്ളത്(കുടിശിക) | |
| താമസേതരാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നുള്ളത് (തൻവർഷം) | 1102462 |
| താമസേതരാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നുള്ളത് (കുടിശിക ) | 449510 |

സാംഖ്യ പ്രകാരമുള്ള 2016-17 ലെ കെട്ടിട നികുതി കളക്ഷൻ

| നികുതി ഇനം | കളക്ഷൻ |
|---|---|
| താമസാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നുള്ളത്(തൻവർഷം) | 1630327 |
| താമസാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നുള്ളത്(കുടിശിക) | 1212547 |
| താമസേതരാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നുള്ളത്(തൻവർഷം) | 434486 |
| താമസേതരാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നുള്ളത്(കുടിശ്ശിക) | 217475 |

## 2-2 അനധികൃതകെട്ടിട നിർമ്മാണം - നടപടിക്രമങ്ങളിൽ അപാകത

നോബിൾ എഡ്യൂക്കേഷനൽ & ചാരിറ്റബിൾ ട്രസ്റ്റ് പാലാരിവട്ടത്തിന്റെ ഉടമസ്ഥതയിലുള്ള ഹോളി കിംഗ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി പാമ്പാക്കുടയുടെ കെട്ടിട നിർമ്മാണങ്ങൾ (അധിക നിർമ്മാണം) റഗുലറൈസ് ചെയ്യുന്നതിന് ചെയർമാൻ അപേക്ഷ നൽകി. അപേക്ഷയുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷ | 20.01.2017 |
| സർവ്വെ നം | 951/7A,951 /6A,952/1,953 /1,951/6B |
| താലൂക്ക്/വില്ലേജ് | മൂവാറ്റുപുഴ,മേമുറി |
| വാർഡ് നം | III |
| കെട്ടിട ഇനം | ഗ്രൂപ്പ് ബി, വിദ്യാഭ്യാസാവശ്യം |
| പ്ലിന്ത് ഏരിയ | 3294.37 |

അനന്തര നടപടികളുടെ നാൾ വഴികൾ

1) ടൗൺ പ്ലാനറുടെ അനുമതി ലഭിക്കുന്നതിന് പഞ്ചായത്ത് അപേക്ഷ 26.04.2017 ൽ A3/328/17 നം കത്ത് പ്രകാരം മുഖ്യ നഗരാസൂത്രകന് അയച്ചു കൊടുത്തു.

2) അപാകതകൾ പരിഹരിക്കുന്നതിന് മുഖ്യ നഗരാസൂത്രകൻ 13.06.2017 ന് സി 1/5072/2017/K.dis കത്ത് മുഖേന അപേക്ഷ തിരിച്ചയച്ചു.

ഹോളി കിംഗ്സ് എഞ്ചിനീയറിംഗ് കോളേജിന്റെ കെട്ടിട നിർമ്മാണ പെർമിറ്റുകൾ, വസ്തു നികുതി നിർണ്ണയം എന്നിവ സംബന്ധിച്ച് താഴെ പറയുന്ന ന്യൂനതകൾ കാണുന്നു.

1. എഞ്ചിനീയറിംഗ് കോളേജിന് 3.11.2010 ൽ കെട്ടിട നിർമ്മാണത്തിന് (ക്ലാസ്സ് റൂമുകൾ, ഹോസ്റ്റൽ)A4/306/10 നം പ്രകാരം ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ട്. പെർമിറ്റ് പ്രകാരം കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയ 26073.18 എം സ്ക്വയർ ആണ്. ബിൽഡിംഗ് പെർമിറ്റ് അപേക്ഷയോടൊപ്പം വിവിധ

ബ്ലോക്കുകൾ, വർക്ക് ഷോപ്പ്, ഹോസ്റ്റൽ എന്നിവയുടെ പ്ലാനുകളാണ് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ ബിൽഡിംഗ് പെർമിറ്റിൽ ആകെ പ്ലിന്ത് ഏരിയ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.കെട്ടിട ഇനം, വിസ്തീർണ്ണം നിലകൾ തിരിച്ച് എന്നിവ ഇല്ല. 26073.18 എം സ്ക്വയർ കെട്ടിടത്തിന്റെ കെട്ടിടം ഇനം, വ്യത്യസ്ത നിലകളുടെ പ്ലിന്ത് ഏരിയ എന്നീ വിവരങ്ങൾ ലഭ്യമല്ല. വലിയ കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുമ്പോൾ കെട്ടിടത്തിന്റെ വിശദവിവരം ഉൾപ്പെടുത്തേണ്ടതാണ്.

2. ഭൂവികസനത്തിന് 3.11.2010 ൽ A4/306-10 പ്രകാരം വികസന പെർമിറ്റ് നൽകിയിട്ടുണ്ട്.ചീഫ് ടൗൺ പ്ലാനറുടെ സി1/9173/2010 ഡി ഡിസ്/11.10.2010 പ്രകാരം വൻതോതിൽ മണ്ണ് നീക്കം ചെയ്യേണ്ടതിനാൽ ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭ്യമാക്കണം എന്നാവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ മൈനിംഗ്&ജിയോളജി വകുപ്പിന്റെ അനുമതിയുടെ രേഖകൾ ഫയലിൽ ലഭ്യമല്ല. കൂടാതെ ഭൂവികസനം നടത്തിയ സ്ഥല വിസ്തീർണ്ണം,ഈടാക്കിയ ഫീസ് രസീത് നം/തീയതി എന്നിവയും വ്യക്തമല്ല.ഭൂവികസന പെർമിറ്റ് നൽകിയ വിസ്തീർണ്ണത്തിന് തന്നെയാണോ പെർമിറ്റ് നൽകിയിരിക്കുന്നതെന്ന് പരിശോധിക്കേണ്ടതും പഞ്ചായത്തിന് ധനനഷ്ടം സംഭവിച്ചിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

3. കെട്ടിട നിർമ്മാണ പെർമിറ്റിന്റെ കാലാവധി 2.11.2010 ൽ അവസാനിക്കുന്നതിനാൽ പെർമിറ്റ് കാലാവധി നീട്ടി നൽകണമെന്നാവശ്യപ്പെട്ട് സ്ഥാപനത്തിന്റെ ചെയർമാൻ 9.9.2013 ന് അപേക്ഷ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 21.10.2013 മുതൽ 20.10.2016 വരെ പെർമിറ്റ് പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. പെർമിറ്റ് പുതുക്കിയ വിവരം മുൻപ് നൽകിയ പെർമിറ്റിൽ രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. പുതുക്കിയ പെർമിറ്റ് നൽകിയതിന്റെ വിവരം, ഈടാക്കിയ ഫീസ്, രസീത് നം/തീയതി എന്നിവ ലഭ്യമാക്കിയില്ല. പുതുക്കൽ ഫീസ് വാങ്ങിയിട്ടില്ലയെങ്കിൽ ആയതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4. കെട്ടിടത്തിന്റെ കംപ്ലീഷൻ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത വിവരങ്ങൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

5. മൂന്ന് കെട്ടിടങ്ങൾക്ക് പഞ്ചായത്ത് താഴെ പറയും പ്രകാരം വസ്തു നികുതി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.

.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | കെട്ടിട ഇനം | പ്ലിന്ത് ഏരിയ | വസ്തു നികുതി |
|---|---|---|---|---|
| 1 | III/11A | ക്ലാസ്സ് റൂം | 2053.17 എം സ്ക്വയർ | 18110 |
| 2 | III/11 | ക്ലാസ്സ് റൂം | 6707.07 എം സ്ക്വയർ | 18110 |
| 3 | III/11C | ഹോസ്റ്റൽ | 1805.92 എം സ്ക്വയർ | 67963 |
| ആകെ | | | 10566.16 എം സ്ക്വയർ | 104183 |

. ലഭ്യമാക്കിയ ബിൽഡിംഗ് പെർമിറ്റ് പ്രകാരം (നം A4/306/10/3.11.2010 ) 26073.18 എം സ്ക്വയർ കെട്ടിട നിർമ്മാണത്തിനാണ് ചീഫ് ടൗൺ പ്ലാനറുടെ അംഗീകാര പ്രകാരം പെർമിറ്റ് നൽകിയിട്ടുള്ളത് എന്നാൽ 10566.16 എം സ്ക്വയർ കെട്ടിടത്തിന് മാത്രമാണ് ടാക്സ് നിർണ്ണയിച്ച് നൽകിയിട്ടുള്ളത്. നികുതി നിർണ്ണയത്തിന് പരിഗണിച്ച കെട്ടിട വിസ്തീർണ്ണത്തിൽ അപാകത സംഭവിച്ചിട്ടില്ല എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

6. കോളേജ് കെട്ടിടം, ഹോസ്റ്റൽ കെട്ടിടം എന്നിവക്ക് പ്രിലിമിനറി ഫയർ എൻ ഒ സി D1/7670 /10.12.2010 പ്രകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫയർ എൻ ഒ സി യിൽ നിർമ്മാണം പൂർത്തിയാകുന്ന മുറക്ക് ഒക്കുപ്പേഷനു മുൻപ് പുതിയ ഫയർ എൻ.ഒ.സി. വാങ്ങണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിർമ്മാണാനന്തര ഫയർ എൻ.ഒ.സി. ലഭ്യമാക്കാതെ ടാക്സ് നിർണ്ണയിച്ച് കെട്ടിട നമ്പർ നൽകിയത് ശരിയായ നടപടിയല്ല. നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് കെട്ടിട നമ്പർ നൽകുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. ഫയലിൽ സൂക്ഷിച്ചിട്ടുള്ള പുതുക്കിയ പ്ലാൻ പ്രകാരം കെട്ടിട വിസ്തീർണ്ണം താഴെ പറയും പ്രകാരമാണ്.

.

| ക്രമ നം | കെട്ടിട ഇനം | പ്ലിന്ത് ഏരിയ (എം സ്ക്വയർ) |
|---|---|---|
| 1 | കോളേജ് ബ്ലോക്ക് (A) | 15532.59 |
| 2 | വർക്ക് ഷോപ്പ് (B) | 8569.94 |

| | | |
|---|---|---|
| 3 | ബോയ്സ് ഹോസ്റ്റൽ(C) | 3749.15 |
| 4 | ഗേൾസ് ഹോസ്റ്റൽ(D) | 3662.84 |
| 5 | ലാബ് ബ്ലോക്ക്(E) | 2091.87 |
| 6 | ഓഡിറ്റോറിയം(F) | 3390.79 |
| 7 | ഗസ്റ്റ് ഹൗസ്(G) | 900.29 |
| 8 | കാന്റീൻ ബ്ലോക്ക്(H) | 2295.19 |
| ആകെ | | 40192.66 |

. പെർമിറ്റ് നൽകിയ കെട്ടിടങ്ങളുടെ വിസ്തീർണ്ണം, പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ വിസ്തീർണ്ണം, നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിസ്തീർണ്ണം എന്നിവയിൽ വലിയ വ്യത്യാസം ഉണ്ട്. പുതുക്കിയ പ്ലാനിലെ കെട്ടിടങ്ങളുടെ വിസ്തീർണ്ണവും (40192.66), പെർമിറ്റ് നൽകിയ കെട്ടിടത്തിന്റെ വിസ്തീർണ്ണം+റഗുലറൈസ് ചെയ്യുന്നതിന് നൽകിയ വിസ്തീർണ്ണവും (26073.18-3294.37= 29367.55) തമ്മിൽ (40192.66-9367.55)10825.11എം സ്ക്വയർ വ്യത്യാസം ഉണ്ട്. പ്രസ്തുത വ്യത്യാസം സംബന്ധിച്ച് പരിശോധിച്ച് അപാകത പരിഹരിക്കേണ്ടതാണ്.

. കെട്ടിട നിർമ്മാണം സംബന്ധിച്ച ഫയൽ, സൈറ്റ് എന്നിവ വിശദമായി പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

. പഞ്ചായത്തിലെ 2016-17 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല എന്നു കണ്ടു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പാമ്പാക്കുട ക്ഷീരോൽപ്പാദക സഹകരണസംഘം |
| 2 | തെക്കൻപിറമാടം ക്ഷീരോൽപ്പാദക സഹകരണസംഘം |
| 3 | മേമുറി ക്ഷീരോൽപ്പാദക സഹകരണസംഘം |
| 4 | ഓണക്കൂർ ക്ഷീരോൽപ്പാദക സഹകരണസംഘം |
| 5 | പുതുമുള്ളി ക്ഷീരോൽപ്പാദക സഹകരണസംഘം |

ആയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.7/28.7.2017) മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-4 അരുവിക്കൽ ടൂറിസം പദ്ധതി- അപാകതകൾ



പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ അരുവിക്കൽ (അരീക്കൽ) വെള്ളച്ചാട്ടം എറണാകുളം ജില്ലയിലെ മനോഹരമായ വെള്ളച്ചാട്ടങ്ങളിൽ ഒന്നാണ്. പ്രകൃതി രമണീയമായ ഈ സ്ഥലത്തിന് അർഹിക്കുന്ന പരിഗണന നിലവിൽ ലഭിക്കുന്നില്ല. നിലവിൽ ഗ്രാമ പഞ്ചായത്ത് അരുവിക്കൽ ടൂറിസം പദ്ധതി എന്ന പേരിൽ അടിസ്ഥാന സൗകര്യ വികസനം നടത്തിയിട്ടുണ്ട്. ആയതിന്റെ നടത്തിപ്പ് സംബന്ധിച്ച് പല അപാകതകളും കാണുന്നു. ആയതിന്റെ വിശദാംശവും പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. പിറമാടം - വെട്ടിമൂട് റോഡിലുള്ള വെള്ളച്ചാട്ടത്തിനെ സംബന്ധിച്ച ദിശാസൂചകങ്ങൾ പ്രധാന റോഡുകളിലൊന്നും സ്ഥാപിച്ചിട്ടില്ല. വെള്ളച്ചാട്ടം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പേര് സൂചിപ്പിക്കുന്ന ബോർഡ് ഇല്ല. ദിശാസൂചക/പേര് ബോർഡ് എന്നിവ സ്ഥാപിക്കുന്നത് സന്ദർശകർക്ക് കൂടുതൽ സഹായകരവും,

കൂടുതൽ സന്ദർശകർ എത്തിച്ചേരുന്നതിന് കാരണമാവുകയും ചെയ്യും.

2. സന്ദർശക കവാടത്തിൽ നിബന്ധനകൾ ഉൾപ്പെടുത്തിയ ബോർഡ് സ്ഥാപിച്ചിട്ടില്ല. പ്രവേശന സീസൺ, പ്രവേശന സമയം, പ്രവേശന ഫീസ്, പ്ലാസ്റ്റിക്ക് വസ്തുക്കൾ, ക്യാമറ എന്നിവയുടെ ഉപയോഗ വിവരങ്ങൾ, സുരക്ഷ മുൻഗണനകൾ, ചുമതലയുള്ള ജീവനക്കാരന്റെ പേര്, പഞ്ചായത്തിന്റെ ഫോൺ നം, അടിയന്തിര സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ട നം എന്നിവ ഉൾപ്പെടുത്തിയ ബോർഡ് സ്ഥാപിക്കാവുന്നതാണ്.

3. പത്ത് രൂപയാണ് നിലവിൽ പ്രവേശന ഫീസ്. എന്നാൽ ഫീസ് വിവരം വ്യക്തമാക്കുന്ന സ്ഥിരം ബോർഡ് പദ്ധതി പ്രദേശത്ത് സ്ഥാപിച്ചിട്ടില്ല. പത്ത് രൂപ പ്രവേശന ഫീസ് എന്ന് മാത്രം രേഖപ്പെടുത്തിയ പഞ്ചായത്തിന്റെ പേര് പോലും രേഖപ്പെടുത്തിയിട്ടില്ലാത്ത ഒരു ഫ്ലക്സ് മാത്രമാണ് ഉള്ളത്. പരിസ്ഥിതിക്ക് അനുയോജ്യമായ സ്ഥിരം ബോർഡ് സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.

4. പ്രവേശന കവാടത്തിൽ ക്യാബിൻ നിർമ്മിക്കുന്നതും ക്യാമറ സ്ഥാപിക്കുന്നതും സുരക്ഷ ഉറപ്പാക്കുന്നതിന് സഹായിക്കും.

5. വെള്ളച്ചാട്ടത്തിലേക്ക് പ്രധാന കവാടവും, മറുവശത്ത് നിന്ന് മറ്റൊരു പ്രവേശന കവാടവും ഉണ്ട്. രണ്ട് പ്രവേശന കവാടം ഉണ്ടെങ്കിലും 1 വാച്ചർ മാത്രമാണ് ഉള്ളത്. ഇക്കാരണത്താൽ ടിക്കറ്റ് കൂടാതെ ആളുകൾ പ്രവേശിക്കാനുള്ള സാധ്യത കൂടുതലാണ്.

6. നിലവിൽ പടിക്കെട്ട്, കൈവരി, ടോയ്‌ലറ്റ് എന്നിവ മനോഹരമായി നിർമ്മിച്ചിട്ടുണ്ടെങ്കിലും ഭിന്നശേഷിക്കാർക്കും, കുട്ടികൾക്കും വെള്ളച്ചാട്ടത്തിനടുത്തെത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ നിലവിലില്ല. ഇരിക്കുന്നതിനുള്ള സൗകര്യവും പദ്ധതി പ്രദേശത്തില്ല.

7. പഞ്ചായത്ത് സീൽ ചെയ്ത് നൽകുന്ന ടിക്കറ്റാണ് സന്ദർശകർക്ക് നൽകുന്നത്. ടിക്കറ്റ് വിതരണത്തിലെ അപാകതകൾ താഴെ പറയുന്നവയാണ്.

a) തീയതി ഇല്ലാത്ത ടിക്കറ്റ് കൂപ്പണുകളാണ് വിതരണം ചെയ്യുന്നത്. ഇക്കാരണത്താൽ ഒരു ദിവസം എത്ര സന്ദർശകർ വന്നു, പ്രതിദിന വരവ് തുക എത്ര എന്ന് വ്യക്തമല്ല. ടിക്കറ്റ് വിൽപ്പന വഴി ലഭിക്കുന്ന തുക സമയ ബന്ധിതമായി പഞ്ചായത്തിൽ അടവാക്കുന്നില്ല. ഒരുമിച്ച് ഒരു നിശ്ചിത തുക അടക്കുന്ന രീതിയാണ് നിലവിൽ ഉള്ളത്. താൽക്കാലിക ജിവനക്കാരൻ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ട തുക സ്വയം സൂക്ഷിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഓരോ ദിവസത്തേയും തുക അടുത്ത പ്രവർത്തന ദിവസം തന്നെ പഞ്ചായത്തിൽ അടക്കുന്ന രീതി സ്വീകരിക്കേണ്ടതാണ്.

b) നൽകിയ കൂപ്പണുകളുടെ വിവരം കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഓരോ ദിവസത്തേയും കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി പഞ്ചായത്ത് വേരിഫൈ ചെയ്യേണ്ടതാണ്.

8) പ്രൊജക്ട് സംബന്ധിച്ച് മേൽനോട്ടം വഹിക്കുന്നതിന് പഞ്ചായത്ത് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതും ഉദ്യോഗസ്ഥൻ കൃത്യമായി പരിശോധന നടത്തി റിപ്പോർട്ട് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുമാണ്.

9) പഞ്ചായത്ത് കമ്മറ്റിയുടെ 10.04.2017 ലെ 4 -ാം നമ്പർ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ശ്രീ.സദാനന്ദൻ,പാറപ്പാട്ട് എന്നയാളെ വാച്ചറായി നിയമിച്ചിട്ടുള്ളത്. പ്രസ്തുത നിയമനം 10.04.2017 ലെ 5-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം 01.04.2017 മുതൽ 31.03.2018 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ടിയാനുമായി പഞ്ചായത്ത് കരാർ ഒപ്പുവെച്ചിട്ടില്ല. രേഖപ്പെടുത്തലുകളില്ലാത്ത മുദ്ര പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വാച്ചറുമായി കരാർ ഏർപ്പെടേണ്ടതാണ്.

10) പ്രൊജക്ടിന്റെ വിശദവിവരം ഫയലിൽ ലഭ്യമല്ല.പദ്ധതി പ്രദേശം ആരുടെ ഉടമസ്ഥതയിലാണ്, പദ്ധതി പ്രദേശത്തെ നിർമ്മാണങ്ങളുടെ വിവരം മുതലായ വിവരങ്ങൾ ഫയലിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

11) പ്രൊജക്ടിന്റെ 2016-17 ലെ വരവ് ചെലവ് എന്നിവയുടെ വിവരം താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| വരവ് | 131000/- |
| ചെലവ് | 52000/-<br>(കറന്റ്ചാർജ്, അറ്റകുറ്റപ്പണി പുറമെ) |

വരവ്, ചെലവ് എന്നിവ വിലയിരുത്തി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

12) പദ്ധതി പ്രദേശത്ത് 01.08.2017 ൽ 1.15 മുതൽ 1.45 വരെ നടത്തിയ സന്ദർശന സമയത്ത് 17

ഉല്പന്നങ്ങളാണ് വിൽപ്പന നടത്തിയിരുന്നത്. എന്നാൽ ഏകദേശം 30ൽ അധികം ആളുകൾ പ്രസ്തുത സമയത്ത് തന്നെ വെള്ളച്ചാട്ടത്തിൽ ഉണ്ടായിരുന്നു. വിവിധ പ്രവേശന മാർഗ്ഗങ്ങളിലൂടെ ആളുകൾ പ്രവേശിക്കുന്നതിനാലും സമീപ സ്ഥലങ്ങളിലെ ആളുകൾക്ക് ടിക്കറ്റ് ഒഴിവാക്കണം എന്ന് പഞ്ചായത്ത് അധികാരികൾ അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത വ്യക്തികൾ ടിക്കറ്റ് എടുക്കാത്തതിനാലുമാണ് ഇപ്രകാരം സംഭവിച്ചത് എന്ന് വാച്ചർ അറിയിച്ചു. ഇക്കാരണങ്ങളാൽ ടിക്കറ്റ് എടുത്തവരും എടുക്കാത്തവരും എന്ന പ്രകാരം ആളുകൾ പ്രദേശം സന്ദർശിക്കുന്നു. സമീപ സ്ഥലങ്ങളിലെ ആളുകൾക്ക് ടിക്കറ്റ് ഒഴിവാക്കിയതിന്റെ തീരുമാനം ഫയലിൽ ലഭ്യമല്ല. ആയതിന്റെ തീരുമാനം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അപ്രകാരം ഒഴിവാക്കുന്ന തീരുമാനം എടുക്കുമ്പോൾ എത്ര റേഡിയൽ ദൂരം എന്ന് നിർണ്ണയിക്കേണ്ടതും പ്രസ്തുത വ്യക്തികളെ തിരിച്ചറിയുന്നതിന് പാസ്സ് സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

13)പ്രദേശത്ത് ടിക്കറ്റ് കൗണ്ടർ ഇല്ല. ടിക്കറ്റ് കൗണ്ടർ ഏർപ്പെടുത്തേണ്ടതാണ്.

14)സന്ദർശകർക്ക് ടോയ് ലറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സൗജന്യ നിരക്കിലോണോ, ഫീസ് ഏർപ്പടുത്തിയാണോ എന്ന കാര്യം വ്യക്തമല്ല.പ്രസ്തുത വിവരങ്ങൾ അറിയിപ്പായി നൽകാവുന്നതാണ്.

15)പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടില്ലാത്തതും സെക്രട്ടറിയുടെ അനുമതിയില്ലാത്തതുമായ നോട്ടീസുകൾ പദ്ധതി പ്രദേശത്ത് സ്ഥാപിച്ചിട്ടുണ്ട്. നിയമപ്രകാരമുള്ള നോട്ടീസുകൾ മാത്രം പ്രദേശത്ത് സ്ഥാപിക്കേണ്ടതാണ്.

## 2-5 ഡി&ഒ ലൈൻസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽനിന്ന് ലഭ്യമായ രേഖകളുടെയും രജിസ്റ്ററിന്റെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ക്ഷീരസംഘങ്ങളുടെയും കള്ളുഷാപ്പുകളുടെയും ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. 2015-16 ഓഡിറ്റ് റിപ്പോർട്ടിലും അബ്കാരി ഷാപ്പുകളിൽ നിന്ന് ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ലായെന്ന് (ഖ.2.1)പരാമർശിച്ചിരുന്നു. (കേ.പ.രാജ് ആക്ട്, സെക്ഷൻ-232 (1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്നാണ്.) ഡി&ഒ ലൈസൻസ് ഫീസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല എന്ന് കണ്ടു.

(1)ക്ഷീരസംഘങ്ങൾ

| ക്രമ നം. | ക്ഷീരസംഘത്തിന്റെ പേര് |
|---|---|
| 1 | പാമ്പാക്കട |
| 2 | തെക്കൻപിറമാടം |
| 3 | മേമുറി |
| 4 | ഓണക്കൂർ |
| 5 | പുതുമുള്ളി |

(2)അബ്കാരി ഷാപ്പുകൾ

| ക്രമ നം | ലൈസൻസിയുടെ പേര് | നമ്പർ ,സ്ഥലം |
|---|---|---|
| 1 | ഡി.എൻ തങ്കപ്പൻ & പി.ആർ രാമകൃഷ്ണൻ | ടി.എസ്.നം 22 പിറമാടം സൌത്ത് |
| 2 | എ.വി.അജി | ടി.എസ്.നം 23 അഞ്ജൽപ്പെട്ടി |

| | | |
|---|---|---|
| 3 | എ.വി.അജി | ടി.എസ്.നം 24 പാണ്ഡ്യൻപാറ |
| 4 | എ.വി.അജി | ടി.എസ്.നം 51 കക്കയം |
| 5 | സാബു എം.കെ. | ടി.എസ്.നം 50 പാമ്പാക്കട |

. ആയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.7/28.7.2017) മറുപടിയിൽ ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതും ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-6 വാർഷിക ധനകാര്യപത്രിക - അപാകതകൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1) ബാലൻസ് ഷീറ്റിൽ ബി-15 ഷെഡ്യൂളിൽ ലൈബ്രറി സെസ്സായി ചേർത്തിരിക്കുന്ന തുക ലഭിക്കുവാൻ ബാക്കിയുള്ള കെട്ടിടനികുതിയുടെ 5% അല്ല.

2) കെട്ടിടനികുതിയുടെ കുടിശ്ശിക (തൻവർഷം – താമസാവശ്യം, താമസേതരാവശ്യവും) സാംഖ്യ പ്രകാരമുള്ള തുകയിൽ നിന്നും തൻവർഷത്തെ കളക്ഷൻ തുക കുറച്ചാലുള്ള തുകയല്ല ബാലൻസായി ചേർത്തിരിക്കുന്നത്. ഉദാഹരണത്തിന്
കെട്ടിടനികുതി (താമസാവശ്യം – തൻവർഷം) – ഡിമാൻഡ് തുക 1219346/- രൂപയാണ്. കളക്ഷൻ തുക 1630327/- രൂപയും ആണ്. ഡിമാൻഡ് തുകയേക്കാൾ അധികം തുക കളക്ഷൻ ആയി ചേർത്തിരിക്കുന്നു.

3) ആസ്തി രജിസ്റ്ററിലെ എല്ലാ ആസ്തികളുടേയും വില വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) 1-6 ൽ MGNREGS വരവ് തുക ചേർത്തിരിക്കുന്നത് 27284038/- എന്നാണ്. യഥാർത്ഥത്തിൽ 27280147/- ആണ്.

.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

2016-17 വർഷത്തിൽ പഞ്ചായത്തിൽ 3 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികളുടെ ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര് | അടങ്കൽ തുക | കരാറുകാരൻ | ടെണ്ടർ ഫീസ് |
|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് നവീകരണം | 591712 | ബാസിൽ കെ.ഡേവിഡ്. | 1260 |
| 2 | മണിത്താഴം മരുതൻ കുഴി റോഡ് മെറ്റലിംഗ് ആൻഡ് ടാറിംഗ്. | 620000 | സജി ചെറിയാൻ | 1370 |

| | | | | |
|---|---|---|---|---|
| 3 | വിവിധ അംഗൻ വാടികളുടെ മെയിന്റനൺസ് | 800000 | ബാസിൽ കെ. ഡേവിഡ്. | 1680 |
| | | ആകെ | | 4310 |

ടെണ്ടർ ഫീ ഇനത്തിൽ 4310 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 സാനിറ്ററി നാപ്കിൻ പ്രൊജക്ട്- നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം.എസ്-0091/17 പ്രകാരം വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടിന്റെ നാളിതുവരെയുള്ള ചെലവ് 1,00,000/-രൂപയാണ് (ട്രഷറി ബിൽ നം.9/16-17/31.03.17 പ്രകാരം നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ നൽകിയ തുക). എന്നാൽ നാളിതുവരെ പ്രൊജക്ട് നിർവ്വഹണം നടന്നിട്ടില്ല. സാനിറ്ററി നാപ്കിൻ, ഇൻസിനറേറ്റർ, അലമാര എന്നിവ വാങ്ങുന്നതിനാണ് പ്രൊജക്ടിൽ തുക വകയിരുത്തിയിട്ടുള്ളത്.

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

മാർ തീമോത്തിയോസ് മെമ്മോറിയൽ സ്കൂൾ-പാമ്പാക്കുട, എം.റ്റി.എം.ഹയർ സെക്കൻഡറി സ്കൂൾ-പാമ്പാക്കുട, ഗവ.ഹൈസ്കൂൾ -പാമ്പാക്കുട എന്നീ സ്കൂളുകളാണ് പ്രൊജക്ട് നടപ്പാക്കുന്നതിന് തിരഞ്ഞെടുത്തിട്ടുള്ളത്. (പ്രസ്തുത സ്കൂളുകളിൽ പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കണമെന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടതിന് ടി സ്കൂളുകളിൽ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ലായെന്നും നിർവ്വഹണ ഏജൻസിക്ക് തുക കൈമാറുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും അറിയിച്ചു. പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച് പഞ്ചായത്തും കെ.സി.ഡബ്ല്യു.ഡി.സി.യും തമ്മിൽ നടത്തിയിട്ടുള്ള ഇ-മെയിലുകളിൽ ബഹു.ഹൈക്കോടതിയിൽ കേസ് ഉള്ളതിനാലാണ് പ്രൊജക്ട് നടപ്പാക്കാത്തത് എന്ന് അറിയിച്ചു.

പ്രൊജക്ട് പൂർത്തീകരണം സംബന്ധിച്ച് സമയബന്ധിതമായ ആശയവിനിമയം നടത്തേണ്ടതും പദ്ധതി തുകയുടെ ശരിയായ വിനിയോഗം ഉറപ്പ് വരുത്തേണ്ടതുമാണ്. ചെലവ് 1,00,000/- തടസ്സപ്പെടുത്തുന്നു.

## 3-3 സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ - പണി പൂർത്തികരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2016-17 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻഎന്ന പ്രോജക്ടിനായി 1039450/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരം താഴെ പറയും പ്രകാരമാണ്.

പ്രോജക്ട് നം. - ടOO 96/17

അടങ്കൽ - 1041000/-

ചെലവ് - 1039450ബിൽ നം.തീ -18/16-17/12.1.17

ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ്

മേൽ പ്രോജക്ടിനായി 1039450/-രൂപ കെ.എസ്.ഇ.ബി.( പാമ്പാക്കുട) യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പണി പൂർത്തികരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 1039450/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ- മരുന്നു ലഭ്യമായിട്ടില്ല.

2016-17 വർഷത്തിൽ ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങുന്നതിനായി 310000/- രൂപ ചെലവായിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായിട്ടില്ല. ചെലവ് വിവരം താഴെ കൊടുക്കുന്നു.

എ) പ്രോജക്ട് നം. - s00 22/17

അടങ്കൽ – 170000/-

ചെലവ് – 170000/-

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ്

ബിൽ നം. - 1/2016-17/ 8.2.17

.

ബി) പ്രോജക്ട് നം. - s00 23/17

അടങ്കൽ – 140000/-(എൻ.ആർ.എച്ച്.എം.)

ചെലവ് – 140000/-

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ്

ബിൽ നം. - 2/2016-17/ 8.2.17

.

വിശദീകരണംആവശ്യപ്പെട്ടുകൊണ്ട്ഓഡിറ്റ്എൻക്വയറി നം.16/1.8.17) നല്കിയെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. ഹോംകോയിൽ നിന്നും മരുന്ന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക 310000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 മൃഗ സംരക്ഷണ പ്രൊജക്ടുകളുടെ നിർവ്വഹണം - അപാകതകൾ

1) കോഴി വിതരണം - ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ പ്രൊജക്ട് നടപ്പാക്കി.

ഗ്രാമ പഞ്ചായത്തിലെ എസ് സി കുടുബങ്ങൾക്ക് മുട്ടക്കോഴി വിതരണം ചെയ്യുന്നതിന് 2016–17 ൽ പ്രൊജക്ട് ആവിഷ്കരിച്ച നടപ്പാക്കി. ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെയാണ് പ്രൊജക്ട് നടപ്പാക്കിയത്. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | എസ് 0129/17 |
| പ്രൊജക്ടിന്റെ പേര് | എസ് സി കുടുംബങ്ങൾക്ക് മുട്ടക്കോഴി വിതരണം |
| അംഗീകാരം | Svsmltry16/2016-17/18.01.2017 |
| അടങ്കൽ | 222600/-<br>എസ് സി പി ഫണ്ട് - 158465/-<br>ഗുണഭോക്തൃ വിഹിതം - 63600/-<br>തനത് ഫണ്ട് - 535/- |
| ചെലവ് | 125300/-<br>ട്രഷറി ബിൽ നം 5/16-17/ 29.03.2017 |
| ചെക്ക് നം / ഡിഡി നം | ബാങ്ക് ട്രാൻസ്ഫർ<br>അക്കൗണ്ട് നം 20226028087 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ,<br>വെറ്ററിനറി ഡിസ്പെൻസറി,<br>പാമ്പാക്കുട |

സർക്കാർ അംഗീകൃതമായ ഫാമിലി എഗ്ഗർ നഴ്സറി,കുത്താട്ടുകുളത്തിൽ നിന്നാണ് 179 കുടുംബങ്ങൾക്ക് നൽകുന്നതിനായി 1253 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയത്(ബിൽ നം 316/ 20.03.2017). പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച കാര്യങ്ങൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 28.07.2017 ൽ ഓഡിറ്റ് എൻക്വയറി (നം 8) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

എ) പഞ്ചായത്ത് കമ്മറ്റിയുടെ 17.03.2017 ലെ 1(1) നം തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്

വിതരണത്തിന് വേണ്ടി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്. ഗുണഭോക്തൃ ലിസ്റ്റ് കൂടാതെ പ്രൊജക്ട് നിർവ്വഹണം നടത്തിയത് വികേന്ദ്രീകൃതാസൂത്രണത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് എതിരാണ്.

ബി) പദ്ധതി ചെലവുകൾക്ക് ആധാരമാക്കേണ്ട സബ്സിഡി മാർഗരേഖ, ജി ഒ (എം എസ്) 4/2016/ 11.1.2016 പ്രകാരം പർച്ചേസിംഗ് കമ്മറ്റിയാണ് വാങ്ങലുകൾ നടത്തേണ്ടത്. എന്നാൽ മുട്ടക്കോഴികളെ പർച്ചേസിംഗ് കമ്മറ്റി രൂപീകരിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടാണ് വാങ്ങിയത്.

.

2) പർച്ചേസിംഗ് കമ്മറ്റി കൂടാതെ കറവപ്പശു വാങ്ങി

ഗ്രാമ പഞ്ചായത്തിലെ എസ് സി കുടുമ്പങ്ങൾക്ക് കറവപ്പശു വിതരണം ചെയ്യുന്നതിന് 2016 – 17 ൽ പ്രൊജക്ട് ആവിഷ്കരിച്ച നടപ്പാക്കി. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | എസ് 0125/17 |
| പ്രൊജക്ടിന്റെ പേര് | എസ് സി കുടുംബങ്ങൾക്ക് കറവപ്പശു |
| അംഗീകാരം | Svsmltry11/2016-17/21.08.2016 |
| അടങ്കൽ | 160000/-<br>എസ് സി പി ഫണ്ട് - 80000/-<br>ഗുണഭോക്തൃവിഹിതം - 80000/- |
| ചെലവ് | 40000/-<br>ട്രഷറി ബിൽ നം 6/16-17/ 29.03.2017 |
| ചെക്ക് നം/ ഡിഡി നം | ബാങ്ക് ട്രാൻസ്ഫർ<br>അക്കൗണ്ട് നം 67297227221 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, പാമ്പാക്കുട |

പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച കാര്യങ്ങൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 28.07.2017 ൽ ഓഡിറ്റ് എൻക്വയറി (നം 9) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ബിജു എ. കെ, തിരുമാറാടി എന്നയാളിൽ നിന്നാണ് പശുവിനെ വാങ്ങിയത് (വൗച്ചർ നം. 4/ 16-17). പദ്ധതി ചെലവുകൾക്ക് ആധാരമാക്കേണ്ട സബ്സിഡി മാർഗരേഖ, ജി ഒ (എം എസ്) 4/2016/11.1.2016 പ്രകാരം പർച്ചേസിംഗ് കമ്മറ്റിയാണ് വാങ്ങലുകൾ നടത്തേണ്ടത്. എന്നാൽ പശുവിനെ നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് വാങ്ങിയത് സബ്സിഡി മാർഗരേഖ, ജി.ഒ.(എം എസ്) 4/2016/11.1.2016 ന് വിരുദ്ധമാണ്. ഗ്രാമ പഞ്ചായത്ത് കമ്മറ്റി ഇക്കാര്യങ്ങൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 മാർഗ്ഗരേഖക്ക് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും വാടക നൽകി

കൃഷി ഭവന്റെ വാടകയിനത്തിൽ 38590 രൂപ 2016-17 ൽ ചെലവഴിച്ചു.പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | എസ് 0028/17 |
| പ്രൊജക്ടിന്റെ പേര് | കൃഷി ഭവൻ വാടക |
| അംഗീകാരം | P-297/2016(9) /20/08/16<br>അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |

| | |
|---|---|
| അടങ്കൽ | 38590/-<br>വികസന ഫണ്ട് |
| ചെലവ് | 38590/-<br>ട്രഷറി ബിൽ നം 1/16-17<br>/16.02.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കൃഷി ഭവൻ പ്രവർത്തിക്കുന്നതും, അരുൺ ജോർജ് മംഗലത്ത് എന്നയാളുടെ ഉടമസ്ഥതയിലുള്ളതുമായ XII/506 നം കെട്ടിടത്തിന്റെ 3/2014 മുതൽ 7/2015 വരെയുള്ള വാടകയായി 38,590/-രൂപ നൽകി. തുക നൽകിയത് സംബന്ധിച്ച് 27.07.2017 ൽ ഓഡിറ്റ് എൻക്വയറി നൽകി (നം 3). ആയതിന് 31.07.2017 ൽ നൽകിയ മറുപടി കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്. ചെലവ് സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) പദ്ധതി ചെലവുകൾക്ക് ആധാരമാക്കേണ്ട സബ്സിഡി മാർഗരേഖ, ജി ഒ (എം എസ്) 4/2016/ 11.1.2016 പ്രകാരം വാടക നൽകുന്നതിന് പ്രൊജക്ട് തയ്യാറാക്കാൻ പാടില്ല. മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രൊജക്ട് തയ്യാറാക്കി ചെലവ് ചെയ്തത് സംബന്ധിച്ച് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ മുൻകാലങ്ങളിലും പ്ലാൻ ഫണ്ടിൽ നിന്നാണ് വാടക നൽകിയിരുന്നത് എന്നറിയിച്ചു എന്നാൽ ഫണ്ടിനം വ്യക്തമാക്കിയില്ല.

2) മാർച്ച് 2014 മുതലുള്ള വാടക തനത് ഫണ്ടിൽ നിന്ന് പ്രസ്തുത കാലയളവിൽ നൽകാതിരുന്നതിന്റെ കാരണം തനത് ഫണ്ട് പരിമിതമായിരുന്നതിനാൽ എന്നാണ് മറുപടിയിൽ അറിയിച്ചത്. പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല. വാടക ആവശ്യപ്പെട്ടതിന്റെയോ തുക ലഭ്യമല്ലെന്ന് പഞ്ചായത്ത് അറിയിച്ചതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

മാർഗ്ഗരേഖക്ക് വിരുദ്ധമായി വികസന ഫണ്ട് ചെലവ് ചെയ്തത് ക്രമപ്രകാരമല്ല. ഇപ്രകാരമുള്ള നടപടി ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 80000 | പാലിന് ഇൻസന്റീവ് | 80000 | 0 |
| ജില്ലാപഞ്ചായത്ത് | | 71457 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 71457 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ/ ചെക്ക് നം. ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | | 1039450 | 0 | 1039450 |

പ്രവൃത്തി പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

2016-17 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4. വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനനിർമ്മാണം | സ.ഉ.നം 276/2010/ ത.സ്വ.ഭ.വ./ 27.1.2010 | 10755000 | 4302000 | 1075500 | - | 3226500 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 73613/-രൂപ വരവുണ്ട്

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | തുക അടവാക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| 2010-11 | 2-1(3) | 1508 | വി.കെ.വത്സലൻ, സെക്രട്ടറി | 11611100958/ 9.11.2016 |
| | 3-1 | 5914 | വി.കെ.വത്സലൻ, സെക്രട്ടറി | 11611101678/ 23.12.2016 |
| | 3-11 | 550 | വി.കെ.വത്സലൻ, സെക്രട്ടറി | 11611101679/ 23.12.2016 |
| 2011-12&2012-13 | 2-2(1) | 5000 | സ്പ്രിങ്ങ്ഡെയിൽസ് സ്കൂൾ | 11603102027/ 20.7.2016 |
| | 2-2(2) | 5000 | അഡ്വഞ്ചർ സ്കൂൾ | 11603100783/ 13.7.2016 |
| | 2-2(7) | 5000 | റവ.ഫാദർ ജോൺസ് കോനാട്ട് | 11611101609/ 6.5.2016 |
| | 2-2(10) | 2400 | മോളി ജോൺ | 11603100692/ 12.5.2016 |
| | 2-2(11) | 2400 | ഷിനി ജോൺസൺ | 11603100731/ 17.5.2016 |
| | 2-2(12) | 2400 | അജി സണ്ണി | 11603102035/ 20.7.2016 |

| | | | | |
|---|---|---|---|---|
| | 2-2(13) | 2400 | ഷീല പ്രകാശ് | 11603100379/ 4.5.2016 |
| | 2-2(14) | 5000 | ചിന്നമ്മ മാത്യൂസ് | 11603101805/ 14.7.2016 |
| 2013-14 | 3-13 | 7484 | കെ.സുധാകരൻ അസിസ്റ്റന്റ് എഞ്ചിനീയർ | 11603100429/ 25.4.2016 |
| | 3-13 | 1710 | കെ.സുധാകരൻ അസിസ്റ്റന്റ് എഞ്ചിനീയർ | 11603100429/ 25.4.2016 |
| 2014-15 | 3-9 | 5000 | ജോൺ വി.ജോൺ അസിസ്റ്റന്റ് സെക്രട്ടറി | 11603101062/ 6.6.2016 |
| | | 1000 | | 11603102648/ 9.8.2016 |
| | 3-12 | 30125 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 11611500002/ 29.9.2016 |
| 2015-16 | 2-1 | 200 | കുഞ്ഞുമോൾ ജോർജ് | 1161101895/ 13.1.2017 |
| | | 200 | കുഞ്ഞുമോൾ ജോർജ് | 1161101894/ 13.1.2017 |
| | | 200 | കുഞ്ഞുമോൾ ജോർജ് | 1161101893/ 13.1.2017 |
| | 2-2 | 1250 | കെ.ബാബുരാജ് | 11611102151/ 8.2.2017 |
| | 2-1(2) | 7000 | ഹോട്ടൽ ഗ്രീൻപാലസ് | 11611101907/ 16.1.2017 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 32692205 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 28442977 |
| വരവിനങ്ങളിലുള്ള നഷ്ടം | 5736 |
| ചെലവിനങ്ങളിലുള്ളനഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1449450 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | | | |
|---|---|---|---|
| 2-1 | 5736 | | ശ്രീ.സി.ആർ.കൃഷ്ണകുമാർ,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 100000 | ശ്രീമതി. നിഷ പി.എം., വി.ഇ.ഒ. ഓണക്കൂർ |
| 3-3 | 1039450 | ശ്രീ സി.ആർ കൃഷ്ണകുമാർ, സെക്രട്ടറി |
| 3-4 | 310000 | ഡോ.സജി ജോൺ,മെഡിക്കൽ ഓഫീസർ(ഹോമിയോ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സി.ആർ.കൃഷ്ണകുമാർ, സെക്രട്ടറി | സെക്രട്ടറി, പാമ്പാക്കുട ഗ്രാമ പഞ്ചായത്ത് | നമ്പ്യാർ മഠം, കടമറ്റം.പി.ഒ., എറണാകുളം |

# 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1993-94 & 94-95 | എൽ.എഫ്.ഇ.(പി.2) 1163/96/ 21.02.1997 | |
| 1995-96 & 96-97 | എൽ.എഫ്.ഇ.(പി.1) 183/98/ 08.10.1998 | |
| 1997-98 (ചെലവ്) | എൽ.എഫ്.ഇ.(പി.2) 1158/01/ 12.1.2002 / 13.3.2002 | |
| 1998-99 | എൽ.എഫ്.ഇ.(പി.2) 712/03/ 25.08.1998 | |
| 1999-00 | എൽ.എഫ്.ഇ.(പി.2) 844/04/ 03.04.2004 | |
| 2000-01 & 2001-02(ചെലവ്) | എൽ.എഫ്.ഇ.(പി.2) 1664/04/ 25.10.2014 | |
| 2000-01(വരവ്) | എൽ.എഫ്.ഇ.(പി.1) 1466/07/ | |
| 2001-02 (വരവ്) | എൽ.എഫ്.ഇ.(പി.1) 1467/07/ | |
| 2002-03 | എൽ.എഫ്.ഇ.(പി.1) 1465/07/ | |
| 2003-04 | എൽ.എഫ്.ഇ.(പി.1) 1465/07/ | |
| 2004-05 | എൽ.എഫ്.ഇ.(പി.1) 50/09/ | |
| 2005-06 | എൽ.എഫ്.ഇ.(പി.9) 472/11 /20.9.11 | |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.ഇ.(പി.9) 473/11 /20.9.11 | |
| 2009-10 | എൽ.എഫ്.ഇ.(പി.9) 66/11/24.1.11 | |
| 2007-08, 08-09, 2010-11 | എൽ.എഫ്.ഇ.(പി.9) 1473/12 /14.9.12 | |
| 2011-12 & 2012-13 | എൽ.എഫ്.ഇ.(പി.9) 14/2014/ 7.2.2014 | |
| 2013-14& 2014-15 | കെ.എസ്.എ.(പി.9)29/2016 | |
| 2015-16 | കെ.എസ്.എ.(പി.9) 2120/2016 /15.12.2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി
ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇകെഎം(പി.9)1666/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :27/09/2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-6ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# APPENDIX -1

## AUDIT CERTIFICATE

No.K.S.A.-EKM(P9)1666/2017

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 27/09/2017

Certified that I have audited the Annual Financial Statement of Pampakkuda Grama panchayat in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pampakkuda Grama panchayat for the year 2016-17 except the observations in para 2-6 of my audit report properly presents the picture of income and expenditure.

.

.Deputy Director